**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 338** **07-10-2024 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ഭക്ഷ്യ സംസ്കരണ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ഭക്ഷ്യ സംസ്കരണ കേന്ദ്രത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഈ സ്ഥാപനത്തിൽ നിലവിൽ എത്ര ജീവനക്കാരാണുള്ളത്; സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ബലക്ഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ബാലുശ്ശേരി ഭക്ഷ്യസംസ്കരണ പോഷകാഹാര കേന്ദ്രത്തിൽ മുൻകാലങ്ങളിലെ പോലെ പരിശീലനാർത്ഥികൾക്ക് പഴം, പച്ചക്കറി സംസ്കരണത്തിൽ നൈപുണ്യ പരിശീലനം നൽകി വരുന്നു. കൂടാതെ 2 യൂണിറ്റുകളിൽ കോമൺ ഫെസിലിറ്റി അടിസ്ഥാനത്തിൽ ഫുഡ് പ്രോസ്സസ്സിംഗ് ചെയ്യുന്നു.<br><br>ഈ കേന്ദ്രത്തിലെ തസ്തികകളുടേയും നിലവിലുള്ള ജീവനക്കാരുടേയും വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.<br><br>നിലവിൽ ഓഫീസ് പ്രവർത്തിക്കുന്നത് ഹോസ്റ്റൽ കെട്ടിടത്തിലാണ്. സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന് ബലക്ഷയം ഉള്ളതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഭക്ഷ്യസംസ്കരണ കേന്ദ്രം ബ്ലോക്ക് പഞ്ചായത്തിന് കൈമാറാൻ തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രത്യേക യോഗത്തിൽ തീരുമാനിച്ചിരുന്നോ; വിശദമാക്കാമോ; | (ബി) | തദ്ദേശ സ്വയം ഭരണ വകുപ്പിലെ (മുൻ ഗ്രാമവികസന വകുപ്പ്) കീഴിൽ ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രത്തെ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കൈമാറാൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2021 ഡിസംബർ 2 ന് ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിരുന്നു. ആയതിന്റെ മിനുട്സ് അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതു സംബന്ധിച്ച് ഈ വകുപ്പിലെ LSGD-IB1/28/2017-LSGD നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം 1</u>**

| SL No. | Name of Designation | No. of Post | Present Strength | Remarks |
|---|---|---|---|---|
| 1 | Director(Dy.Dev Commissioner) | 1 | 0 | AD(I/C) LSGD Kozhikode |
| 2 | Technical Assistant | 2 | 1 | 1 Vacant |
| 3 | Clerk Cum Typist | 1 | 1 | Promoted as UD Typist from 01.06.2022 |
| 4 | Lab Attendant | 2 | 0 | 2 Vaccant(Provisional Appointment) |
| 5 | Watchman | 2 | 2 | |
| 6 | Driver | 1 | 0 | Vacant-No Vehicle |
| 7 | Part Time Sweeper | 1 | 0 | 1 Vaccant |

**<u>ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം ബാലുശ്ശേരി ബ്ളോക്ക് പഞ്ചായത്തിന് കൈമാറുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 2/12/2021 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.</u>**

ബാലുശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്ന വിഷയം ചർച്ചചെയ്യുന്നതിനായി ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗം 3 PM ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.

ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തുടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടം ഗ്രാമ വികസന വകുപ്പിന്റെ അധീനതയിലുള്ളതാണ്. ടി സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പറ്റിയും നിലവിലുള്ള ജീവനക്കാരെ പറ്റിയും എറ്റെടുത്തു നടത്തുന്ന പരിശീലന പരിപാടികളെ പറ്റിയും യോഗം വിലയിരുത്തുകയും ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1) 01/01/2022 ന് പ്രാബല്യത്തിൽ വരുന്ന വിധം ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിനു കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2.) ഇതിനായി ടി സ്ഥാപനത്തിന്റെ ആസ്തിബാധ്യത കണക്കാക്കാനും നിലവിലുള്ള ജീവനക്കാരെ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിലേക്ക് പുനർവിന്യസിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാനും ഗ്രാമ വികസനകമ്മീഷണറെ ചുമതലപ്പെടുത്തി.

3) ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രത്തിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി

ചെയ്യുന്ന ജീവനക്കാരിൽ ഒരാളെ പ്രസ്തുത സ്ഥാപനം ബ്ലോക്ക് പഞ്ചായത്തേറ്റെടുത്ത ശേഷവും ആറു മാസം കൂടി നിലനിർത്തേണ്ടതാണ്. ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ പറ്റി പുതുതായി ചുതമലയേൽക്കുന്ന ജീവനക്കാരെ പരിചയപ്പെടുത്തുന്നതിനായി മാത്രമാണ് ഈ ക്രമീകരണം.

4) ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം വഴി പുതിയ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്

യോഗനടപടികൾ 3.40 PM ന് അവസാനിച്ചു.

**യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങൾ**

| ക്രമ നം | പേര് | തസ്തിക |
|---|---|---|
| 1 | അഡ്വ. കെ.എം സച്ചിൻ ദേവ് | എം.എൽ.എ |
| 2 | വി.കെ അനിത | പ്രസിഡന്റ്, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| 3 | ടി.എം ശശി | വൈസ് പ്രസിഡന്റ്, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| 4 | വി.എസ് സന്തോഷ് കുമാർ | അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണർ, കമ്മിഷണറേറ്റ് ഫോർ റൂറൽ ഡെവലപ്പ്മെന്റ് |
| 5 | ജോബി സലാസ് | സെക്രട്ടറി, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| 6 | ടോമി കെ ജെ | ഡയറക്ടർ, ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം |